പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5372 23.05.2017 -ൽ മറുപടിക്ക്

## കോന്നിയിൽ ജില്ലാ പൈതൃക മ്യൂസിയം

**ചോദ്യം** **ഉത്തരം**

ശ്രീ.അടൂർ പ്രകാശ്

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.മ്യൂസിയവും തുറമുഖവും
പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കോന്നിയിൽ ജില്ലാ പൈതൃക മ്യൂസിയം ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ; | (എ) | കോന്നിയിൽ ജില്ലാ പൈതൃക മ്യൂസിയം ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |
| (ബി) | എങ്കിൽ ആയത് സംബന്ധിച്ച് നാളിതുവരെ എന്തെല്ലാം തുടർ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ കേരളം മ്യൂസിയം മുഖേനയാണ് നടത്തിവരുന്നത്. ഇതിലേയ്ക്ക് 07.03.2014-ൽ 41,07,972/- രൂപയും 10.02.2017 ൽ 61,61,950/- രൂപയും കേരളം മ്യൂസിയത്തിന് നൽകിയിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് നാളിതുവരെ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത മ്യൂസിയം എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | സജ്ജീകരണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കി സന്ദർശകർക്ക് തുറന്ന് കൊടുക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**

ഭരണപരമായ

കേരള സർക്കാർ

സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - പുരാവസ്തുവകുപ്പ് - പത്തനംതിട്ട ജില്ലയിൽ ജില്ലാ പൈതൃക മ്യൂസിയം ആരംഭിക്കുന്നതിന് ഭരണാനുമതി നൽകികൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാംസ്കാരിക കാര്യ (ബി) വകുപ്പ്

സ.ഉ(സാധാ) നം. 476 /2013/സാം.കാ.വ. തീയതി, തിരുവനന്തപുരം, 19/10/2013.

---

പരാമർശം : 1) 17/12//2012 ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടി കുറിപ്പ്.
2) 20/2/2013 ലെ സ.ഉ. (സാധാ)നം. 67/13/സാം.കാ.വ. നമ്പർ ഉത്തരവ്.
3) 07/3/2013 ലെ സ.ഉ. (സാധാ) നം. 99/13/സാം.കാ.വ. നമ്പർ ഉത്തരവ്.
4) 25/3/2013 ലെ സ.ഉ. (സാധാ) നം. 157/13/സാം.കാ.വ. നമ്പർ ഉത്തരവ്.
5) 10/6/2013 ലെ പുരാവസ്തുവകുപ്പ് ഡയറക്ടറുടെ എ 5 3317/2012/ഡി. എ. നമ്പർ കത്ത്.

ഉത്തരവ്

17/12/2012 ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ജില്ലാതല പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പദ്ധതി നിർദ്ദേശം പരിഗണിക്കുകയും, തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, തൃശ്ശൂർ, വയനാട് എന്നിവിടങ്ങളിൽ ആദ്യഘട്ടത്തിൽ മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2) പരാമർശം (2), (3), (4) സർക്കാർ ഉത്തരവുകൾ പ്രകാരം എറണാകുളം, തൃശ്ശൂർ, തിരുവനന്തപുരം, വയനാട് എന്നീ ജില്ലകളിൽ മ്യൂസിയം ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. പരാമർശം (5) ലെ കത്ത് പ്രകാരം പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ വനം വകുപ്പിന്റെ അധീനതയിലുള്ള എലിഫന്റ് മ്യൂസിയത്തിൽ ജില്ലാ മ്യൂസിയം ആരംഭിക്കുന്നതിനായി 2,05,39,860/- രൂപയുടെ (രണ്ട് കോടി അഞ്ചു ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി എണ്ണൂറ്റി അറുപത് രൂപ മാത്രം) എസ്റ്റിമേറ്റ് അടങ്ങിയ പദ്ധതി നിർദേശം ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ വനം വകുപ്പിന്റെ അധീനതയിലുള്ള എലിഫന്റ് മ്യൂസിയത്തിൽ ജില്ലാ പൈതൃക

മ്യൂസിയം ആരംഭിക്കുന്നതിനായി പുരാവസ്തുവകുപ്പ് ഡയറക്ടർ സമർപ്പിച്ച 2,05,39,860/- രൂപയുടെ (രണ്ട് കോടി അഞ്ച് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി എണ്ണൂറ്റി അറുപത് രൂപ മാത്രം) എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകിക്കൊണ്ടും, മേൽ മ്യൂസിയത്തിന്റെ നിർവ്വഹണ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയത്തിന് എസ്റ്റിമേറ്റ് തുകയുടെ 20% നൽകുന്നതിന് അനുമതി നൽകികൊണ്ടും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ബി..എസ്. പാവനകുമാരി
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, പുരാവസ്തുവകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരളം ചരിത്ര പൈതൃക മ്യൂസിയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ (എഡ്യൂ.സി) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ധനകാര്യ (പ്ലാനിംഗ്. ബി ) വകുപ്പ്
വനം, വന്യജീവി (ഡി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Sd

സെക്ഷൻ ഓഫീസർ